**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6530** **20-03-2023 - ൽ മറുപടിയ്ക്ക്**

**പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിലെ ഭൂമിയുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മുട്ടത്തറയിൽ സ്ഥാപിച്ച പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിലെ ഭൂമിയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി മുട്ടത്തറയിൽ 2018-19 വർഷത്തിൽ നിർമ്മിച്ച ഫ്ലാറ്റിൽ ഉടമ്പടിയിൽ ഒപ്പ് വെയ്ക്കുന്ന തീയതി മുതൽ അനുവദിച്ച ഫ്ലാറ്റ് ഗുണഭോക്താവിന്റെയും കുടുംബത്തിന്റെയും താമസത്തിന് വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. മറ്റ് യാതൊരുവിധ ആവശ്യത്തിനും ഉപയോഗിക്കുവാനോ, ഒരു ഭാഗം മറ്റൊരു വ്യക്തിക്ക് നൽകുവാനോ പാടില്ല. |
| (ബി) | ഫ്ലാറ്റുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കുമോ? | (ബി) | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഗുണഭോക്താവും തമ്മിലുള്ള കരാർ പ്രകാരം എല്ലാവിധ നികുതികളും, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ ഗുണഭോക്താവ് തന്നെ ഒടുക്കേണ്ടതും ഫ്ലാറ്റും പരിസരവും എല്ലായ്പ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതും ജൈവ ഖര മാലിന്യ സംസ്കരണത്തിനായുള്ള മാർഗ്ഗങ്ങൾ സ്വന്തമായി കണ്ടെത്തേണ്ടതും ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ഗുണഭോക്താവ് സ്വന്തം ചെലവിൽ കൈവശം വന്ന തീയതി മുതൽ നിർവ്വഹിക്കേണ്ടതുമാണ്.<br><br>തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച് നൽകിയ 'പ്രതീക്ഷ' ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ കരാറിൽ ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ജി.ഒ. (എം.എസ്) നമ്പർ 73/2013/പിഡബ്ല്യുഡി തീയതി 31/08/2013 പ്രകാരം കരാറുകാരന്റെ ബാധ്യതാ കാലയളവായ 3 വർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിർവ്വഹണ ഏജൻസി മുഖേന അപാകതകൾ പരിഹരിക്കുകയും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | നടപടികളിലൂടെ തുക ഈടാക്കാവുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ